അംഗൻവാടി ജീവനക്കാരുടെ പ്രതിമാസ വേതനം

18 [1335] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗൻവാടി അദ്ധ്യാപികമാർക്കും ഹെൽപ്പർമാർക്കും ഇപ്പോഴുള്ള പ്രതിമാസ വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോഴുള്ള പ്രതിമാസ വേതനം ചുവടെ ചേർക്കുന്നു:

വിഭാഗം	ഓണറേറിയം 16-5-97 മുതൽ (കേന്ദ്ര വിഹിതം)	1-4-02 മുതൽ പരിഷ്കരിച്ച വിഹിതം ഓണറേറിയം (കേന്ദ്ര വിഹിതം)	നിലവിലുള്ള സംസ്ഥാന വിഹിതം	ആകെ
അംഗൻവാടി വർക്കർ				
(എ) 1. നോൺ മെട്രിക്കുലേറ്റ്	430	938	300	1238
2. നോൺ മെട്രിക്കുലേറ്റ് 5 വർഷം പ്രവർത്തി പരിചയം	469	969	300	1269
3. നോൺ മെട്രിക്കുലേറ്റ് 10 വർഷം പ്രവർത്തി പരിചയം	500	1000	300	1300
(ബി) 1. മെട്രിക്കുലേറ്റ്	500	1000	300	1300
2. മെട്രിക്കുലേറ്റ് 5 വർഷം പ്രവർത്തി പരിചയമുള്ളവർ	531	1031	300	1331
3. 10 വർഷം പ്രവർത്തി പരിചയമുള്ളവർ	563	1063	300	1363
അംഗൻവാടി ഹെൽപ്പർ (സേവന ദൈർഘ്യം കണക്കാക്കാതെ)	260	500	300	800

LIBRARY ARCHIVES Kerala Legislative Assembly

(ബി) & (സി) ഐ.സി.ഡി.എസ്. ഒരു കേന്ദ്രാവിഷ്കൃത പദ്ധതി ആയതിനാൽ അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നകാര്യം കേന്ദ്ര സർക്കാരാണ് തീരുമാനിക്കേണ്ടത്. കേന്ദ്ര സർക്കാർ ഓണറേറിയം വർദ്ധിപ്പിക്കുന്ന അവസരങ്ങളിൽ സംസ്ഥാന സർക്കാർ വിഹിതവും നൽകിവരുന്നുണ്ട്.

അംഗൻവാടികളിലെ വർക്കർമാരുടെയും ഹെൽപ്പർമാരുടെയും മക്കൾക്ക് ആശ്രിത നിയമനം

19 [1336] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള അംഗൻവാടികളിലെ ഹെൽപ്പർമാരും വർക്കർമാരും സേവനം നടത്തിക്കൊണ്ടിരിക്കെ മരണപ്പെട്ടാൽ അർഹരായ മക്കൾക്ക് ജോലി കൊടുക്കുന്ന സംമ്പ്രദായം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ടിൽ സേവനമനുഷ്ടിച്ച അംഗനവാടി ഹെൽപ്പർ, വർക്കർ തസ്തികയിലുള്ളവരുടെ മക്കൾ ആരെങ്കിലും ഇത്തരത്തിൽ പോസ്റ്റിംഗ് കിട്ടുവാൻ അപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പോസ്റ്റിംഗ് കൊടുക്കുവാൻ കാലതാമസം എന്താണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിലുണ്ട്. ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. †

(ബി) ഉണ്ട്. ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ടിലെ സ്ഥിരം ഹെൽപ്പറായിരിക്കെ മരണമടഞ്ഞ ശ്രീമതി വി. നാണിയുടെ മകൾ ശ്രീമതി വി. രൂപശ്രീ അപേക്ഷ നൽകിയിരുന്നു. അപേക്ഷയിൽ കാണപ്പെട്ട അപാകതകൾ പരിഹരിച്ച് ലഭ്യമായതിനെ തുടർന്ന് സാമൂഹ്യക്ഷേമ ഡയറക്ടർ 2-7-2005-ൽ ടിയാൾക്ക് നിയമന ഉത്തരവ് പറപ്പെടുവിച്ചിട്ടുണ്ട്.

സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി

20 [1337] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികളുടെ എണ്ണമെത്രയെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly